## കൂട്ടായ്മ

# വിരുന്ന്

നവംബർ – ഡിസംബർ 2017



### സ്നേഹക്കൂട്ടായ്മയുടെ ക്രിസ്മസ് ആശംസകൾ


**Department of Family Units and Parish Renewal**

(Archdiocese of Ernakulam - Angamaly)

Renewal Centre Kaloor, Kochi - 682017

Ph: 0484 - 2338151, 9387074502

**www.familyunitsekm.com**

എന്റെ രാജ്യം എന്റെ അമ്മയാണ്.
എന്റെ സ്വാതന്ത്ര്യം എന്റെ അച്ഛനാണ്.
എന്റെ അമ്മയും അച്ഛനും വധിക്കപ്പെടാൻ ഞാൻ അനുവദിക്കില്ല.
എന്റെ അച്ഛനും അമ്മയും ഞാനും വസിക്കുന്ന എന്റെ ഭവനമാണ് എന്റെ സംസ്കാരം.
എന്റെ ഭവനത്തെ ഞാൻ 'മൃഗ'സംസ്കാരത്തിന്റെ ഇടമാക്കില്ല.
എന്റെ ഭവനത്തെ ഞാൻ കാത്തുസൂക്ഷിക്കും - സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, സഹിഷ്ണുതയുടെയും
പൂക്കൾ വിരിയുന്ന പൂന്തോട്ടമായി....

മുഖക്കുറിപ്പ്

# ശുദ്ധീകരണസ്ഥലം

നവംബറിൽ മരിച്ചവരെ പ്രത്യേകം നാം അനുസ്മരിക്കുന്നു. മരിച്ചവർക്കുവേണ്ടി ധർമ്മദാനം നടത്തുകയും, ദിവ്യബലി അർപ്പിക്കുകയും, ഉപവിപ്രവർത്തനം നിർവ്വഹിക്കുകയും ചെയ്യുന്നു. സെമിത്തേരികളിൽ പ്രത്യേക പ്രാർത്ഥനകളും, ശ്രാദ്ധം നടത്തുകയും ചെയ്യുന്നത് നമുക്കു സുപരിചിതമാണ്. ഇതിന്റെയെല്ലാം പ്രാധാന്യമെന്ത്? ഇവയെല്ലാം ലക്ഷ്യം വയ്ക്കുന്നത് എന്താണ്?

പൂർവ്വികരെ അനുസ്മരിക്കുന്നതിനു പിന്നിൽ രണ്ടു ഘടകങ്ങളുണ്ട്. ഒന്നാമത്തേത്, മരിച്ചവരുടെ ആത്മശാന്തിക്കുവേണ്ടിയുള്ള നമ്മുടെ ആത്മാർത്ഥമായ ആഗ്രഹമാണ്. മരിച്ചുപോയ ഒരാളുടെ ആത്മാവ് സ്വർഗത്തിലേക്കു പ്രവേശിക്കാതിരിക്കുകയും, എന്നാൽ സ്വർഗപ്രവേശനം ലഭിക്കുന്നതിനു വേണ്ടിയുള്ള ശുദ്ധീകരണത്തിനു വിധേയമാവുകയും ചെയ്യുന്നുവെങ്കിൽ ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകളാണ് സ്വർഗപ്രവേശത്തിനു ബലമേകുന്നത്. സഭാപ്രബോധനം ഇപ്രകാരം പറയുന്നു, “സ്വർഗീയ ആനന്ദത്തിലേക്കു പ്രവേശിക്കുവാൻ ആവശ്യമായ വിശുദ്ധി നേടുന്നതിനു വേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിനു വിധേയരായിത്തീരുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമശുദ്ധീകരണത്തെ തിരുസഭ ശുദ്ധീകരണസ്ഥലം (purgatory) എന്നു വിളിക്കുന്നു” (മതബോധനഗ്രന്ഥം നം. 1030-1031). വി. ഗ്രിഗറി ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: “ലഘുവായ കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം, അവസാനവിധിക്കുമുമ്പ് ഒരു ശുദ്ധീകരണാഗ്നി ഉണ്ടെന്നു നാം വിശ്വസിക്കണം. പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ, വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നു സത്യം തന്നെയായവൻ പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും മറ്റു ചിലതു വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടാമെന്നും ഈ വാചകത്തിൽ നിന്നു നാം മനസ്സിലാക്കുന്നു.”

ചുരുക്കിപ്പറഞ്ഞാൽ, ലഘുപാപാവസ്ഥയിൽ മരണപ്പെടുന്നവരുടെ ആത്മാക്കൾക്കു മോചനം കിട്ടുന്നതു ശുദ്ധീകരണാവസ്ഥക്കു ശേഷമാണ്. മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരിൽ ആരുടെയെല്ലാം ആത്മാക്കളാണ് ശുദ്ധീകരണാവസ്ഥയിൽ ആയിരിക്കുന്നതെന്നു നമുക്കറിവില്ല. അതിനാൽ മരിച്ചുപോയ എല്ലാ ആത്മാക്കൾക്കുവേണ്ടിയും പ്രാർ

ത്ഥിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ കരുണ മരിച്ച ആത്മാക്കളുടെ മേൽ ലഭിക്കാനുള്ള ഏകമാർഗ്ഗം ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ മാത്രമാണ്. മരിച്ചവർക്കുവേണ്ടിയുള്ള എല്ലാ കർമ്മാനുഷ്ഠാനുങ്ങളുടെയും പ്രാധാന്യവും, ലക്ഷ്യവും ഇതു തന്നെയാണ്. മരണമടഞ്ഞയാളുടെ ഏഴും, നാല്പത്തിയൊന്നും ആചരിക്കുമ്പോൾ സദ്യവട്ടമൊരുക്കുകയെന്നതല്ല പ്രധാനകാര്യം. മറിച്ചു, മരിച്ചയാളുടെ ആത്മശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനകളും, ഉപവിപ്രവർത്തനങ്ങളും, ശ്രമങ്ങളുമായിരിക്കണം പ്രധാനപ്പെട്ടവ. ഇതു നമുക്കു മറക്കാതിരിക്കാം. വലിയ തുകകൊടുത്തു കല്ലറകെട്ടിപ്പണിത് അതിൽ അടക്കം ചെയ്യുന്നതുമല്ല പ്രധാനം. സെമിത്തേരിയിലെങ്കിലും ദൈവമക്കളെല്ലാവരും ഒരുപോലെ അന്ത്യവിശ്രമം കൊള്ളാനുള്ള സ്ഥിതിവിശേഷം നാം സംജാതമാക്കേണ്ടതാണ്. അതാണ് കൂടുതൽ ക്രൈസ്തവമായിട്ടുള്ളത്. ഇന്നു പല ഇടവകകളിലും കുടുംബകല്ലറ സംവിധാനം പണമുണ്ടാക്കാനുള്ള ബിസിനസ്സ് തന്ത്രമായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സെമിത്തേരിയിൽ കുടുംബകല്ലറകൾ ആർക്കും വേണ്ടെന്നു ചില ഇടവകകളിൽ തീരുമാനിച്ചിരിക്കുന്നത് വളരെ പ്രശംസനീയമാണ്. ചില രൂപതകൾ തന്നെ കുടുംബകല്ലറകൾ വേണ്ടെന്നു തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ കൂട്ടായ്മകളിൽ ചർച്ചചെയ്യേണ്ട ഒരു വിഷയമാണിത്.

പൂർവ്വികരെ അനുസ്മരിക്കുന്നതിലെ രണ്ടാമത്തെ ഘടകം, അതു ഓർമ്മ പുതുക്കലാണ്. മരിച്ചവരുടെ ജീവിതത്തെ അനുസ്മരിക്കുന്നതിലൂടെ അവരോടുള്ള നന്ദി നാം പ്രകാശിപ്പിക്കുന്നു. അതോടൊപ്പം അവരുടെ ജീവിതനന്മകൾ നാം അയവിറക്കി, അതിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടു ജീവിക്കുവാൻ പരിശ്രമിക്കുന്നു. സത്ജീവിതങ്ങളെ വിസ്മരിച്ചുകളയുന്നത് അപരാധം തന്നെയാണ്. രക്തബന്ധങ്ങളും, കർമ്മബന്ധങ്ങളുമെല്ലാം വിസ്മൃതിയിലാണ്ടുപോകാതെ കാത്തുസൂക്ഷിക്കാൻ നമുക്കാവണം.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പാരമ്പര്യം പഴയനിയമത്തിൽ തന്നെയുണ്ട്. "എന്നാൽ ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യസമ്മാനത്തെക്കുറിച്ചു അവൻ പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്കു, പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു." (2 മക്കബായർ 12, 45).

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

റവ. ഫാ. ജോസഫ് മണവാളൻ

# യേശു പ്രകാശവും ജീവനും

**(യോഹ. 11:38-44)**

**യോ**ഹന്നാന്റെ സുവിശേഷത്തെ 'അടയാളങ്ങളുടെ പുസ്തകം' (1:19–12:50) എന്നും 'മഹത്വത്തിന്റെ പുസ്തകം' (13:1–20:31) എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. അടയാളങ്ങളുടെ പുസ്തകത്തിൽ ഏഴ് 'അടയാളങ്ങൾ' (അത്ഭുതങ്ങൾ) നാം കാണുന്നു. ഇതിൽ ഏഴാമത്തെ അടയാളമാണ് 'ലാസറിനെ ഉയിർപ്പിക്കുന്നത്' (11:38–44). യോഹന്നാന്റെ സുവിശേഷപ്രകാരം യേശുവിന്റെ മരണത്തിലേയ്ക്ക് ഏറ്റവും അടുത്ത കാരണമാകുന്നത് ബഥാനിയായിലെ ഈ അത്ഭുതമാണ്.

യോഹന്നാന്റെ കാഴ്ചപ്പാടിൽ ഓരോ അടയാളവും യേശു എന്താകുന്നു എന്നതിന്റെ പ്രത്യക്ഷമായ അടയാളം അല്ലെങ്കിൽ സൂചികയാണ്. മരിച്ചവനെ ഉയിർപ്പിക്കുന്നത് യേശുവിന്റെ മരണത്തിന് കാരണമാകുന്നുവെങ്കിൽ അത് സൂചിപ്പിക്കുക അവന്റെ മരണത്തിലൂടെ നാം ജീവിക്കും എന്നുള്ളതാണ്. കൂടാതെ, യോഹ. 14:6–ന്റെ യാഥാർത്ഥ്യവത്ക്കരണവുമാണ് ലാസറിനെ മരിച്ചവരിൽനിന്നും ഉയിർപ്പിക്കുന്നതിലൂടെ യേശു നടത്തുന്നത്. "അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹ. 1:4) എന്ന വചനത്തിന്റെ ആവിഷ്ക്കാരവും കൂടിയാണ് ഇവിടെ സംഭവിക്കുക. സൃഷ്ടിയുടെ ആരംഭത്തിൽ നാം ദർശിക്കുന്ന ജീവനും പ്രകാശവുമായ 'ആദിയിലെ വചനം' ക്രിസ്തു തന്നെയാണെന്ന് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

## വ്യാഖ്യാനം

അതൊരു ഗുഹയായിരുന്നു...

പിതാക്കന്മാരായ അബ്രാഹം (25:9), യാക്കോബ് (ഉല്പ. 50:13), ഇസഹാക്ക് (ഉൽ. 35:27–29) എന്നിവരെ ഗുഹകളിൽ സംസ്കരിച്ച പാരമ്പര്യമാണ് ഗുഹകളിൽ യഹൂദർ മൃതദേഹം സംസ്ക്കരിക്കുന്നതിന്റെ അടിസ്ഥാനം. ക്രിസ്തുവിനെയും ഇത്തരത്തിലാണ് സംസ്ക്കരിക്കുക (മത്താ. 27:60). സാധാരണയായി പാറകൊണ്ടാണ് ഈ ഗുഹകൾ

തീർത്തിരിക്കുന്നത്. അവയുടെ കവാടം മറ്റൊരു പാറകൊണ്ട് അടച്ചിരിക്കും.

ലാസറിനെ ഉയിർപ്പിക്കുന്നതിനു മുൻപ് 'ഗുഹയുടെ കല്ലെടുത്ത് മാറ്റുവിൻ' എന്ന് യേശു ആവശ്യപ്പെടുന്നത് വളരെ ശ്രദ്ധേയമാണ്. ഒരുപക്ഷേ, ഈ അത്ഭുതത്തിന്റെ ഭാഗമായി കല്ലുകളോട് നിരങ്ങി മാറാൻ അവിടുന്ന് ആജ്ഞാപിക്കേണ്ടതായിരുന്നു! ഇവിടെ നാം ദർശിക്കുന്ന വലിയ സത്യമിതാണ് – അനാവശ്യമായി ഒന്നും തന്നെ ചെയ്ത് തന്റെ മഹത്വമോ പ്രാഭവമോ വർദ്ധിപ്പിക്കാൻ യേശു ശ്രമിക്കുന്നില്ല. എത്ര ലളിതവും മിതത്വവും നിറഞ്ഞതാണ് അവിടത്തെ പ്രവൃത്തികൾ. ഒരു പക്ഷേ, കുരിശിൽ നിന്നിറങ്ങി അത്ഭുതം പ്രവൃത്തിക്കാൻ ആവശ്യപ്പെടുന്നവർക്കു മുന്നിലും ഈ മിതത്വവും ലാളിത്യവുമാണ് ഉത്തരമായി നില്ക്കുന്നത്.

'കല്ലെടുത്ത് മാറ്റുവിൻ' എന്ന ആജ്ഞ ഒരു സാക്ഷ്യത്തിനു വേണ്ടിയാണ്. തന്റെ മുൻപിൽ നില്ക്കുന്ന അവിശ്വാസികളായവർക്കുവേണ്ടിയാണ് ഇപ്രകാരം ഒരാവശ്യം യേശു നടത്തുക. താൻ ഉയിർപ്പിക്കുന്നത് കല്ലറയിൽ അടക്കിയിരിക്കുന്ന, ദുർഗന്ധം വമിക്കുന്ന, അഴുകിയ മൃതശരീരം തന്നെയാണെന്ന് ഇതിലൂടെ തന്റെ ശ്രോതാക്കൾ വിശ്വസിക്കാൻ ഇടവരുമെന്ന് യേശു ആഗ്രഹിക്കുന്നു. ഇതിലൂടെ ഒരുപക്ഷേ, സംഭവിക്കാവുന്ന എല്ലാ അവിശ്വാസവും, കിംവദന്തികളും ഇല്ലാതാക്കാനാകുമെന്നും അവിടുന്നു കരുതുന്നു.

"കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും, ഇത് നാലാം ദിവസമാണ്" എന്ന മർത്തായുടെ വാക്കുകൾ ദൈവീക പദ്ധതിയുടെ ഭാഗമായിട്ടേ കാണാൻ സാധിക്കൂ. കാരണം മുൻപും യേശു മരിച്ചവരെ ഉയിർപ്പിച്ചിട്ടുണ്ട്. പക്ഷേ, അതൊന്നും ഇത്രമാത്രം അഴുകിയ അവസ്ഥയിൽ ആയിരുന്നില്ല. പലതും മരണം നടന്ന ഉടനെയായിരുന്നു. അല്ലെങ്കിൽ സംസ്ക്കരിക്കുന്നതിനു മുൻപെ ആയിരുന്നു. പക്ഷ, ഇവിടെ ഏറ്റവും ജീർണ്ണാവസ്ഥയിലും ഏറ്റവും അസാദ്ധ്യവുമായ അവസ്ഥയിലായിരുന്നു. മർത്തായുടെ വാക്കുകൾ മനുഷ്യയുക്തിക്ക് അസാദ്ധ്യമായ ഈ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഒരു തരത്തിൽ വിശ്വാസവും യുക്തിയും തമ്മിലുള്ള സംഘട്ടനമാണ് ഇവിടെ അരങ്ങേറുക. ഇവിടെ യേശുവിന്റെ നിലപാട് ഒന്നുമാത്രം. "വിശ്വസിക്കുക! വിശ്വസിച്ചാൽ നീ ദൈവമഹത്വം കാണും!" ചുരുക്കത്തിൽ, മരണത്തിന്റെ

എല്ലാ ഭീകരമായ സ്വാധീനവും പ്രകടമായിടത്ത് മരണത്തിന്മേൽ വിജയം നേടുന്ന ക്രിസ്തുവിന്റെ അധികാരം വിജയഭേരി മുഴക്കുന്നു. ഇതു സൂചിപ്പിക്കുക മറ്റൊന്നുമല്ല, മറിച്ച് ക്രിസ്തു കടന്നുപോകാനിരിക്കുന്ന മരണത്തെയും തദ്വാര അതിന്മേലുള്ള വിജയവുമാണ്. അതിനാലാണ് യോഹന്നാന്റെ കാഴ്ചപ്പാടിൽ ലാസറിനെ ഉയിർപ്പിക്കുന്നത് ഒരു അടയാളമായി മാറുന്നത്. "ദൈവത്തിന്റെ മഹത്വം കാണാം" – ലാസറിനെ ഉയിർപ്പിക്കുന്നതിലൂടെ യേശു ലക്ഷ്യം വയ്ക്കുന്നത് ദൈവത്തിന്റെ മഹത്വമാണ്. ലാസർ രോഗിയായിരിക്കുന്നു എന്ന് അവന്റെ സഹോദരിമാർ അറിയിക്കുമ്പോഴും യേശു പ്രതിപാദിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെപ്പറ്റിയാണ്(11:4). വിശ്വസിക്കുന്നതിലൂടെ ദൈവത്തിന്റെ മഹത്വം കാണാം എന്നും യേശു മർത്തയോട് പറയുന്നു. ചുരുക്കത്തിൽ, മർത്തായുടെ വിശ്വാസമാണ് ദൈവത്തിന്റെ മഹത്വം പ്രകടമാകാൻ ഇടയാകുന്നത്. യേശുവാകട്ടെ, ലാസറിനെ ഉയിർപ്പിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നു. തുടർന്നുള്ള പ്രാർത്ഥനയിൽ യേശു പ്രകടമാക്കുന്നത് പിതാവുമായുള്ള തന്റെ അഭേദ്യമായ ബന്ധമാണ്. ഒരുപക്ഷേ, യേശു നടത്തുന്ന പ്രാർത്ഥനകളാണ് പിതാവുമായുള്ള അവിടത്തെ ബന്ധം വെളിപ്പെടുത്തുന്ന മാർഗ്ഗം. തന്നിൽ നിന്നും മാറി ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവന്റെ പ്രതീകമാണ് ദൃഷ്ടികളുയർത്തി പ്രാർത്ഥിക്കുന്ന ക്രിസ്തു. അപരോന്മുഖതയും അപരിമേയതയും അത് പ്രകടമാക്കുന്നു. ദൈവത്തെ 'പിതാവെ' എന്നുള്ള അഭിസംബോധന ഈ സുവിശേഷത്തിന്റെ പ്രധാന ശീർഷകമായി കണക്കാക്കാം.

യേശുവിന്റെ പ്രാർത്ഥനയിൽ ലാസറിനെ ഉയിർപ്പിക്കണമെന്നുള്ള പരാമർശം നാം കാണുന്നില്ല. മറിച്ച് 'നീ എന്നെ എപ്പോഴും ശ്രവിക്കുന്നു' എന്നു മാത്രമാണുള്ളത്. പഴയനിയമകാഴ്ചപ്പാടിൽ നീതിമാന്റെ പ്രാർത്ഥന മാത്രമാണ് ദൈവം ശ്രവിക്കുന്നത്. ഇവിടെ യേശുവിന്റെ പിതാവുമായിട്ടുള്ള ബന്ധം തന്നെയാണ് അവിടന്ന് നീതിമാനാണ് എന്നതിന് തെളിവ്. പ്രാർത്ഥന അല്ലെങ്കിൽ അവർ തമ്മിൽ എപ്പോഴും നിലനില്ക്കുന്ന ആശയവിനിമയമുണ്ട്. യേശുവിന്റെ പ്രാർത്ഥനയിൽ അവൻ പിതാവിനെക്കാളും താണവനാണെന്ന ധ്വനിയല്ല ഉള്ളത്, മറിച്ച്, ജീവൻ നല്കുന്നതും ഉയിർപ്പിക്കുന്നതും പിതാവാണ് എന്ന ധ്വനിയാണുള്ളത്.

## സന്ദേശം

**ജീവന്റെയും മരണത്തിന്റെയും നാഥൻ:** ദൈവമാണ് ജീവന്റെയും മരണത്തിന്റെയും നാഥൻ എന്ന വലിയ സത്യമാണ് ഈ സുവിശേഷ ഭാഗത്തിന്റെ സന്ദേശം. മരണാനന്തരജീവിതം, പുനരുത്ഥാനം എന്നീ സങ്കീർണ്ണമായ സമസ്യകൾക്കുള്ള സുവിശേഷത്തിന്റെ മറുപടിയും ഉറപ്പും ഈ ഭാഗത്തുണ്ട്. ജീവന്റെയും മരണത്തിന്റെയും മേലുള്ള യേശുവിന്റെ അധികാരവും ഈ വചനഭാഗം ആവർത്തിച്ചുറപ്പിക്കുന്നു

ക്രൈസ്തവരായ നാം വിശ്വസിക്കാൻ കടപ്പെട്ടിരിക്കുന്ന അടിസ്ഥാന പ്രമാണങ്ങളുണ്ട്. ഇവയിൽ ശ്രദ്ധേയമായ ഒന്നാണ് മരണശേഷമുള്ള ഉയിർപ്പും മരണാനന്തര ജീവിതവും. യുക്തിയും വിശ്വാസവും തമ്മിൽ സംഘർഷത്തിലാകുന്നതും ഈ തലത്തിലാണ്. ഈ വചനഭാഗത്തും ഇത്തരം സംഘർഷം നാം ദർശിക്കുന്നുണ്ട്. 'വിശ്വസിക്കുക' എന്നതു മാത്രമാണ് ഇവിടെ യേശുവിന്റെ ശ്രദ്ധേയമായ ഉത്തരം. തന്നെ വിശ്വസിക്കുകയും അതുപോലെ അവിശ്വസിക്കുകയും ചെയ്യുന്നവരുടെ മുൻപിലാണ് ഒരു വലിയ സമസ്യക്ക് യേശു ഉത്തരം നല്കുക-അവൻ ലാസറിനെ ഉയിർപ്പിക്കുന്നു!

യുക്തികളാലും നിഗമനങ്ങളാലും നയിക്കപ്പെടുന്നതാണ് ഈ കാലഘട്ടത്തിലെ നമ്മുടെ ജീവിതം. പുനരുത്ഥാനത്തെ മതപരമായ ഒരു അബദ്ധസിദ്ധാന്തം മാത്രമായി അവതരിപ്പിക്കുവാൻ ചുറ്റുമുള്ളവർ ശ്രമിക്കുമ്പോൾ നമുക്കുള്ള ഉത്തരവും ഉറപ്പും ക്രിസ്തുവിന്റെ ഉത്ഥാനം മാത്രമാണ്. അവൻ ഉയിർത്തെങ്കിൽ നാമും ഉയിർത്തെഴുന്നേല്ക്കും! ഇത് മാത്രമാണ് നമുക്കുള്ള ഏക ഉറപ്പും പ്രത്യാശയും.

നാം മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിൽ വസിക്കുന്നു. മരണത്തെപ്പോലെ ആകസ്മികത പേറുന്ന ഒന്ന് നമ്മുടെ ജീവിതത്തിലില്ല. അനിവാര്യമായ മരണത്തെ ഒഴിവാക്കാനും അതിജീവിക്കാനുമുള്ള തത്രപ്പാടിലാണ് മനുഷ്യവംശം. എങ്കിലും നിനച്ചിരിക്കാതെ മരണം നമ്മുടെ ജീവിതത്തിൽ, കുടുംബത്തിൽ വിരുന്നെത്തുന്നു. ഈ പശ്ചാത്തലത്തിൽ മരണം തീർക്കുന്ന ശൂന്യത, ദുഃഖം, നഷ്ടം എന്നിവയെ എങ്ങനെ അതിജീവിക്കണമെന്ന് നാം പരിശീലിക്കേണ്ടിയിരിക്കുന്നു.

ആത്മീയവും മാനസീകമായ പക്വതയാണ് നാം ഇവിടെ ആർ

ജ്ജിച്ചെടുക്കേണ്ട പ്രഥമ പരിശീലനം. ഉറ്റവരുടെ വേർപാടിൽ നമ്മുടെ വിലാപങ്ങൾ പലതും ദൈവത്തിനെതിരെയുള്ള പരാതിയാണ്. ആത്മീയമായ പക്വതയുടെ അഭാവം നാം ഇവിടെ കാണുന്നു. ഇയവസരത്തിൽ നാം രൂപപ്പെടുത്തേണ്ട പ്രഥമ ചിന്ത ഇതായിരിക്കട്ടെ, ജീവിതത്തിൽ നാം നേടിയതും ആസ്വദിക്കുന്നതുമായ എല്ലാ ഭൗതീകദാനങ്ങളും ദൈവത്തിൽ നിന്നാണ്. ശരീരം, സൗന്ദര്യം, സമ്പത്ത്, മക്കൾ, ബന്ധങ്ങൾ, വിജയം ഇവയെല്ലാം ഈ ഭൗതീകദാനങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുന്നവയാണ്.

ഈ ഭൗതികദാനങ്ങളുടെ ഏറ്റവും പ്രത്യേകത എന്നത് അവയ്ക്ക് കാലക്രമേണ നാശം സംഭവിക്കുകയോ എടുക്കപ്പെടുകയോ ചെയ്യുന്നു എന്നുള്ളതാണ്. അതായത് നന്ദി പറഞ്ഞ് സന്തോഷത്തോടെ ദൈവത്തിൽ നിന്ന് സ്വീകരിച്ചവ ഒരിക്കൽ നമ്മിൽ നിന്ന് എടുക്കപ്പെടും എന്നർത്ഥം. ഈ പശ്ചാത്തലത്തിൽ നാം പുലർത്തേണ്ട ബോധ്യം ഇതായിരിക്കട്ടെ - ഭൗതീകമായ സമ്മാനങ്ങൾ തീർന്നുപോവുകയോ നഷ്ടമാവുകയോ ചെയ്യുന്നു. അങ്ങനെയെങ്കിൽ ഒരിക്കലും തീർന്നുപോവുകയോ നശിക്കുകയോ ചെയ്യാത്ത ഏതെങ്കിലും ദാനം അല്ലെങ്കിൽ നിത്യസമ്മാനം ദൈവം നമുക്കു നല്കുന്നുണ്ടോ? വി.യോഹ. 3:16 അതിനുത്തരമേകുന്നു. അത് ദൈവത്തിന്റെ പുത്രൻ തന്നെയായ യേശു ക്രിസ്തുവാണ്. ഒരു പക്ഷേ, മരണം തീർക്കുന്ന ശൂന്യതകളിൽ നമ്മെ ആശ്വസിപ്പിക്കേണ്ട ആത്മീയഭാവം/ആത്മീയ പക്വത ഈ ബോധ്യമാണ്.

മരണം തീർക്കുന്ന ശൂന്യതകളെ അതിജീവിക്കാൻ നമ്മെ സഹായിക്കുന്ന മറ്റൊന്നാണ് ബൗദ്ധികമായ പക്വത (intellectual maturity). ഉരുവായതും ജനിച്ചതുമായതെല്ലാം ഒരുനാൾ മണ്ണിൽ ജീർണ്ണിക്കേണ്ടതാണ് എന്നതാണ് ഇതിനടിസ്ഥാനം. അത് എന്ന് അല്ലെങ്കിൽ ഏത് പ്രായത്തിൽ എന്നത് മനുഷ്യനിന്നും പിടികിട്ടാത്ത കടംകഥയാണ്. നാം പലപ്പോഴും ചിന്തിക്കുന്നത് ഈ ഭൂമി തന്നെയാണ് നമ്മുടെ നിത്യഗേഹമെന്നും നാം ഇവിടെ സ്ഥിരം ജീവിക്കേണ്ടവരുമാണ് എന്നതാണ്. ഇവിടെയാണ് യേശുവിന്റെ വാക്കുകൾ ശ്രദ്ധേയമാവുക - 'ലാസറെ പുറത്തു വരിക!' പുറത്തുവരിക നിന്നിൽ നിന്നും, നീയടക്കപ്പെട്ട ഭൗതീകതയുടെ ലോകത്തുനിന്നും! പ്രവേശിക്കുക, ജീവന്റെയും മരണത്തിന്റെയും നാഥനായവനിലേക്ക്! ■

# നാം അനുഭവിക്കുന്ന രണ്ടാം അടിയന്തരാവസ്ഥ!!

**സ്വാ**തന്ത്ര്യ ഇന്ത്യയുടെ ചരിത്രത്തിലെ കരിനിഴലായി കരുതപ്പെടുന്നത് അടിയന്തരാവസ്ഥക്കാലമാണ്. സ്വന്തം അധികാരക്കസേരയ്ക്ക് ഇളക്കം തട്ടാതിരിക്കാൻ ശ്രീമതി ഇന്ദിരാഗാന്ധി 1975 ജൂൺ 25-ന് പ്രഖ്യാപിച്ച 21 മാസം നീണ്ട അടിയന്തരാവസ്ഥ (emergency) ഇന്ത്യൻ ജനാധിപത്യത്തിനേൽപിച്ച മാനഭംഗവും ദേഹക്ഷതവും ചെറുതല്ല. അടിയന്തരാവസ്ഥയ്ക്കെതിരു നില്ക്കാൻ ഒരു ജയപ്രകാശ് നാരായണൻ ഉണ്ടായിരുന്നതുകൊണ്ട് 21 മാസത്തിന്റെ ആയുസ്സിൽ ഈ സ്വാതന്ത്ര്യാഘാതം അവസാനിച്ചു. ഭരണഘടനാ വിരുദ്ധമായ കല്പനകൾ പുറപ്പെടുവിക്കുന്ന അധികാരികളെയോ അവരുടെ കയ്യിലെ ചട്ടുകമായ നിയമപാലകരെയോ അല്ല രാജ്യത്തിന്റെ ഭരണഘടനയെയാണ് പൗരൻ അനുസരിക്കേണ്ടത് എന്ന ജെ.പി.യുടെ ആഹ്വാനത്തിന് ഇരുമ്പുമറകളെയും കൽത്തുറുങ്കുകളെയും ഭേദിക്കാൻ കരുത്തുണ്ടായിരുന്നു.

സമകാലീന ഭാരതത്തിലെ സംഭവഗതികൾ രണ്ടാം അടിയന്തരാവസ്ഥയെ ഓർമ്മിപ്പിക്കുന്നതാണ്. ജനാധിപത്യത്തിൽ ഉരുക്കു മനുഷ്യരായ നേതാക്കൾ അപകടകാരികളാണ്. ഇന്ദിരാഗാന്ധി എന്ന ഉരുക്കു വനിതയ്ക്ക് സഹപ്രവർത്തകരെയല്ല സ്തുതിപാഠകരെയായിരുന്നു ആവശ്യം. മന്ത്രിസഭായോഗങ്ങൾ പ്രഹസനങ്ങളായിരുന്നതിനാൽ എല്ലാം പ്രധാനമന്ത്രിയുടെ ഓഫീസിന്റെ മാത്രം നിയന്ത്രണത്തിലായിരുന്നു. അമ്പത്തിയഞ്ചിഞ്ച് നെഞ്ചളവിൽ അഭിരമിക്കുന്ന അഭിനവ പ്രധാനമന്ത്രിയുടെ റോൾ മോഡൽ ഇന്ദിരാഗാന്ധിയാണ്.

ഒന്നാമതായി, ഭരണഘടന നോക്കുകുത്തിയാകുന്നു എന്നതാണ് അടിയന്തരാവസ്ഥയുടെ ഗതികേട്. ഭരണഘടനയുടെ 352-ാം വകുപ്പിന്റെ

ദുർവിനിയോഗമാണ് അടിയന്തരാവസ്ഥയിൽ കലാശിച്ചത്. ജനാധിപത്യത്തിന്റെ കരുത്തു തെളിയിക്കുന്ന ജനവിധികൾ അട്ടിമറിച്ചുകൊണ്ടാണ് അടിയന്തരാവസ്ഥയുടെ തേർവാഴ്ച ആരംഭിച്ചത്. ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പുകൾതന്നെ മാറ്റിമറിച്ചെങ്കിൽ മോദിഭരണത്തിൽ തെരഞ്ഞെടുപ്പിലെ ജനഹിതമാണ് അട്ടിമറിക്കപ്പെടുന്നത്. ഗോവയിലും ബീഹാറിലും തമിഴ്നാട്ടിലും ഉത്തരാഖണ്ഡിലും മണിപ്പൂരിലുമൊക്കെ ജനഹിതം എതിരായിരുന്നിട്ടും ബി.ജെ.പി. ഭരണത്തിലെത്തി. ഗുജറാത്തിലെ രാജ്യസഭാ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ നടത്തിയ നീക്കവും വോട്ടിനു കോടികൾ മറിച്ചതും അടിയന്തരാവസ്ഥയുടെ പുനരാഗമനത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ജനഹിതത്തെ നോട്ടുകെട്ടുകൊണ്ട് അട്ടിമറിക്കുന്നിടത്ത് ജനാധിപത്യം അടിയന്തിരാവസ്ഥക്കാലത്തിനു വഴിമാറുന്നു.

രണ്ടാമതായി, ഇന്ദിരയുടെ പുത്രൻ സഞ്ജയ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗുണ്ടാസംഘങ്ങളാണ് ക്രമസമാധാനം നിയന്ത്രിച്ചിരുന്നത്. ആളുകളെ തടവിലാക്കിയും നിർബന്ധിത വന്ധ്യംകരണം നടത്തിയും അവർ പൗരസ്വാതന്ത്ര്യത്തെ കാറ്റിൽ പറത്തി. സഞ്ജയിന്റെ ഗുണ്ടാസംഘങ്ങൾക്കു പകരം ഇന്ന് ശ്രീരാമ സേനയും ഗോസംരക്ഷണ സേനയും ക്രമസമാധാനരംഗത്തെ നിയന്ത്രണം ഏറ്റെടുത്തിരുക്കുകയാണ്. പശുവിറച്ചി തിന്നുന്നവൻ എന്നു സംശയിച്ചും പശുവിനെ കയറ്റിയ ലോറിയിൽ കയറിയതിന്റെ പേരിലും പശുവിന്റെ കയറുപിടിച്ചതിന്റെ പേരിലും ഇവിടെ ന്യൂനപക്ഷങ്ങൾ നിഷ്ഠൂരം കൊല്ലപ്പെടുന്നു. ഭരണകക്ഷിയുടെ ആശയം പങ്കുവയ്ക്കാത്തവർക്കു നിലനില്പുതന്നെ അപകടത്തിലാകുന്ന പരിതോവസ്ഥയ്ക്കു സമാനമായത് അടിയന്തരാവസ്ഥക്കാലം മാത്രമാണ്. പ്രണയത്തിന്റെ പേരിൽ കീഴ്ജാതികൾ അടിച്ചു കൊല്ലപ്പെടുന്നത് നിത്യസംഭവമാകുന്നു. ജീൻസിട്ട പെൺകുട്ടികളെയും പ്രണയദിനം ആഘോഷിച്ച കമിതാക്കളെയും സംഘികൾ നിർദ്ദാക്ഷിണ്യം അടിച്ചുവീഴ്ത്തുന്നു. പൗരസ്വാതന്ത്ര്യം ഇത്രമേൽ അപകടാവസ്ഥയിലായിട്ടും പ്രതികരിക്കാൻ കരുത്തില്ലാത്ത പ്രതിപക്ഷമാണ് അഭിനവ അടിയന്തരാവസ്ഥയെ കൂടുതൽ അപകടമാക്കുന്നത്.

മൂന്നാമതായി, അടിയന്തരാവസ്ഥക്കാലത്ത് സാധാരണക്കാരന്റെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും കുഴലൂത്തുകാരായ കുത്തക

മുതലാളിമാർക്കുവേണ്ടി നയങ്ങൾ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. പ്രാണവായുപോലും നിഷേധിക്കപ്പെട്ട് പാവപ്പെട്ടവന്റെ 85 പിഞ്ചുകുഞ്ഞുങ്ങൾ പിടഞ്ഞു മരിച്ചിട്ടും അനുശോചിക്കാൻ അമാന്തിച്ച ഭരണകൂട ഭീകരത ക്രൂരമാണ്. നോട്ടുനിരോധനത്തിലൂടെ രാജ്യത്തെ ഞെട്ടിച്ച പ്രധാനമന്ത്രി രാജ്യത്തിന്റെ വികസനം പിന്നോട്ടു നയിച്ചതായി കണക്കുകൾ സൂചിപ്പിക്കുമ്പോഴും അംബാനി, അദാനി തുടങ്ങിയ കോർപറേറ്റു ഭീമന്മാരുടെ വാർഷികവരുമാനം 40% വർദ്ധിച്ചതായി ഫോബ്സ് മാഗസിൻ റിപ്പോർട്ടു ചെയ്യുന്നു. നോട്ടുനിരോധനമെന്ന അവിവേകം കുത്തകകൾക്കുവേണ്ടി വിരിച്ച ചുവപ്പു പരവതാനിയായിരുന്നു എന്ന സംശയം രാജ്യത്തു ബലപ്പെട്ടു തുടങ്ങിയിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില അനുദിനം വർദ്ധിപ്പിച്ചും പാവപ്പെട്ടവന്റെ സബ്സിഡികൾ വെട്ടിക്കുറച്ചും കുത്തക മുതലാളിമാർക്കു കൊള്ളയടിക്കാൻ ഭരണകൂടം ചൂട്ടു കത്തിച്ചു കൊടുക്കുകയാണ്.

നാലാമതായി, അടിയന്തരാവസ്ഥ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കണ്ഠത്തിലാണ് കത്തി വച്ചത്. എതിർപ്പിന്റെ സമസ്തസ്വരങ്ങളും അടിച്ചൊതുക്കാൻ ഭരണഘടനാ സ്ഥാപനങ്ങളായ സി.ബി.ഐ.യും ഇൻകം ടാക്സു വിഭാഗവും ഉപയോഗിക്കപ്പെടുന്നു. അടിയന്തരാവസ്ഥക്കാലത്ത് പത്രസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. കുഴലൂത്തുകാരല്ലാത്തവർക്കെല്ലാം കൂച്ചുവിലങ്ങുവീണു. ഇന്നു മാധ്യമങ്ങൾ അവ ദേശീയ, പ്രാദേശിക ഭേദമില്ലാതെ കോർപറേറ്റുകളാൽ വിഴുങ്ങപ്പെടുകയാണ്. മോദിയെ സ്തുതിച്ചു മതിവരാതെ സഹസ്രനാമ ജപത്തിന്റെ തിരക്കിലാണ് മീഡിയ. നട്ടെല്ലുള്ള അപൂർവ്വം മാധ്യമങ്ങളെ (ഉദാ. എൻ ഡി. ടിവി) കേസിൽ കുടുക്കി നിശ്ശബ്ദരാക്കാൻ ശ്രമം നടക്കുന്നു.

ഇന്ദിരയുടെ അടിയന്തരാവസ്ഥയും മോദിയുടെ അടിയന്തരാവസ്ഥയും തമ്മിൽ സമാനതകൾ ഏറെയാണ്. എന്നാൽ ഇന്ദിരയുടെ അടിയന്തരാവസ്ഥയെ പ്രതിരോധിച്ച ജയപ്രകാശ് നാരായണനിൽനിന്ന് രാഹുൽഗാന്ധിയിലേക്കുള്ള അകലം പ്രകാശവർഷങ്ങൾക്കും അപ്പുറമാണ്. ഭാവിയെക്കുറിച്ചുള്ള ആശങ്ക വർദ്ധിപ്പിക്കുന്നതും ഈ നേതൃശൂന്യതയാണ്.

■

# ദിവ്യനക്ഷത്രമെ നയിച്ചാലും!

(മത്താ. 2:1-12)

സുവിശേഷത്തിന്റെ പ്രിയപ്പെട്ട കഥകളിലൊന്നാണ് പുൽക്കൂട്ടിലെ ഉണ്ണിയേശുവിനെ സന്ദർശിക്കുന്ന മൂന്നു രാജാക്കന്മാരുടെ കഥ. ഈ കഥയിൽ ഏറെ പ്രമേയങ്ങളുണ്ട്. ജീവിതം ദൈവത്തെ അന്വേഷിച്ചുള്ള യാത്രയാണ് എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഈ യാത്രയിൽ ലക്ഷ്യത്തിലെത്താനുള്ള വഴികാട്ടികളും ഒപ്പം വഴി തെറ്റിക്കുന്നവയും ഇതിൽ പ്രമേയമായി വരുന്നു. അവസാനമായി, ദൈവത്തെ തേടി കണ്ടെത്തുന്നവനിൽ സംഭവിക്കുന്ന സന്തോഷവും പുതുതീരുമാനങ്ങളും ഈ കഥയുടെ സന്ദേശമായി അവതരിപ്പിക്കപ്പെടുന്നു.

## വ്യാഖ്യാനം

**പൗരസ്ത്യദേശത്തുനിന്നുമുള്ള ജ്ഞാനികൾ (The Magi):** ജ്യോതിശാസ്ത്രജ്ഞന്മാർ, പ്രപഞ്ചരഹസ്യങ്ങൾ അന്വേഷിക്കുന്നവർ എന്നിങ്ങനെയെല്ലാം ഇവരെ വിശേഷിപ്പിക്കാം. രാജാക്കന്മാരായിട്ടല്ല, ബൈബിൾ പണ്ഡിതന്മാർ ഇവരെ മനസ്സിലാക്കുന്നത്, പകരം ജ്ഞാനികളായിട്ടാണ്. സ്വപ്നങ്ങൾ വ്യാഖ്യാനിക്കുക, മാജിക്, ജ്യോതിശാസ്ത്രം എന്നിവയെല്ലാം ഇവരുടെ ഗവേഷണ മേഖലകളായിരുന്നു. പണ്ഡിതാഭിപ്രായമനുസരിച്ച് മിശിഹായുടെ ആഗമനത്തെപ്പറ്റിയുള്ള പ്രവചനങ്ങൾ അറിയാമായിരുന്ന ജ്ഞാനികളാണിവർ. രാജാക്കന്മാരുടെ ജനനവേളയിൽ ഉദിക്കുന്ന നക്ഷത്രങ്ങൾ (ജന്മനക്ഷത്രം) എന്നത് ഇവരുടെ പഠനത്തിന്റെ ഭാഗമായിരുന്നിരിക്കണം. അതുകൊണ്ടായിരിക്കാം രാജാവായ ഹേറോദേസിന്റെ കൊട്ടാരത്തിൽ തന്നെ നവജാതനായ രാജാവിനെത്തേടി അബദ്ധവശാൽ അവർ അണയുന്നത്.

**ജ്ഞാനികളുടെ സന്ദർശനം; ഒരു വിരോധാഭാസം:** യഹൂദരുടെ നവജാതനായ രാജാവിനെത്തേടി കിഴക്കുനിന്നുമെത്തുന്ന ജ്ഞാനികളുടെ സന്ദർശനം ഏറെ വിരോധാഭാസം നിറഞ്ഞ സംഭവമാണ്. ആദ്യമായി, രാജാവിന്റെ ജനനത്തിൽ ആഘോഷങ്ങളും ആരവങ്ങളും പ്രതീക്ഷിച്ച് ജെറുസലെമിലെത്തുന്ന അവർ കാണുന്നത് നിസ്സംഗതയാണ്. രണ്ടാ

മതായി, "യഹൂദരുടെ രാജാവിനെ" അന്വേഷിച്ചുള്ള അവരുടെ ആഗമനം ഒരു വിരോധാഭാസമാണ്. കാരണം, അസാധാരണമായ പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും പേരിൽ മറ്റു ജനതകൾ ഏറെ അവജ്ഞയോടെയാണ് യഹൂദരെ വീക്ഷിച്ചിരുന്നത്. ഈ പശ്ചാത്തലത്തിൽ, യഹൂദരുടെ രാജാവിനെത്തേടി ദൂരദേശത്തുനിന്നും ജ്ഞാനികൾ എത്തുക എന്നത് എന്തുകൊണ്ടും അർത്ഥപൂർണ്ണവും സൂചനകൾ നല്കുന്നതുമാണ് (സങ്കീ. 68:29; 72:10–11, ഏശ. 49:7; 60:1–6).

**കിഴക്കുദിച്ച നക്ഷത്രം:** ആകാശഗോളങ്ങളെ ആരാധിക്കുന്നവരുടെ നാട്ടിൽ നിന്നാണ് അവർ വന്നത്. അതായത്, ദൈവം അവരുടെ തന്നെ മാർഗ്ഗങ്ങൾ (ജ്യോതിശാസ്ത്രം) ഉപയോഗിച്ച് അവരെ കണ്ടെത്തുന്നതാണ് ഇവിടെ ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യം. ഈശോയുടെ ജന്മനക്ഷത്രമാണ് ആ പണ്ഡിതരെ വഴി നടത്തുന്നത്. ഇത് സംഖ്യ 24:17-ന്റെ പൂർത്തീകരണമാണ്... "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും..." ഒരു യഥാർത്ഥ മിശിഹാ പ്രവചനമായിട്ടാണ് ഈ വചനഭാഗത്തെ (സംഖ്യ 24:17) പണ്ഡിതരും പരിഗണിക്കുന്നത്. ക്രിസ്തുവിന്റെ ജന്മനക്ഷത്രത്തിന്റെ പ്രത്യേകത അത് സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ അവനിലേക്ക് നയിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

**ഹേറോദേസിന്റെ ആശങ്ക:** ക്രൂരനും കഠിനഹൃദയനുമായ ഹേറോദേസിന്റെ രക്തപങ്കിലമായ വാഴ്ചയുടെ അവസാനകാലഘട്ടത്തിലാണ് യേശുവിന്റെ ജനനവും ജ്ഞാനികളുടെ സന്ദർശനവും നടക്കുക. വഞ്ചനയുടെ എന്ന പേരിൽ തന്റെ ഇഷ്ടപത്നിയായ മറിയാമിനെയും രണ്ട് ആൺമക്കളെയും അദ്ദേഹം വധിച്ചു. പുരോഹിതരും ജനങ്ങളും തന്റെ ഭവനത്തിൻ കീഴിൽ അസ്വസ്ഥരാണെന്നും 'സമാശ്വാസം' (ലൂക്കാ 2:25–38) കാത്ത് അവർ പ്രാർത്ഥനയിലാണെന്നും ഹേറോദേസിന് അറിയാമായിരുന്നു. തങ്ങളുടെ സമാശ്വാസം ഉടനെയെത്തും എന്നൊരു പ്രതീക്ഷയും ഒരു വേള അത് സമാഗതമായി എന്ന കിംവദന്തിയും ജനങ്ങളുടെയിടയിലുണ്ടെന്ന് ഹേറോദേസ് മനസ്സിലാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ജ്ഞാനികൾ നവജാതനായ യഹൂദരാജാവിനെത്തേടി അദ്ദേഹത്തിന്റെ സമക്ഷമണയുന്നതും, അത് അദ്ദേഹത്തെ അസ്വസ്ഥൻ അല്ലെങ്കിൽ ഭയചകിതനക്കുന്നതും. ഹേറോദേസിന്റെ ഇതി

നോടുള്ള പ്രതികരണം ക്രൂരമായിരിക്കും എന്ന് ജനത്തിനറിയാം. അതുകൊണ്ടാണ് ജറുസലെമും അവനോടൊപ്പം അസ്വസ്ഥമാകുന്നത്.

**എവിടെയാണ് ക്രിസ്തു ജനിക്കുക?:** പ്രധാന പുരോഹിതന്മാരെയും വേദജ്ഞരെയും വിളിച്ചാണ് ക്രിസ്തു ജനിക്കുന്ന സമയവും സ്ഥലവും ഹേറോദേസ് അന്വേഷിക്കുന്നത്. ക്രിസ്തുവുമായുള്ള ആദ്യസമ്പർക്കം ഒരുപക്ഷേ, ഇവിടെയാണ് അവർ ആരംഭിക്കുന്നത്. അവർ വളരെ കൃത്യമായി വേദഗ്രന്ഥം നല്കുന്ന അറിവ് ഉപയോഗിച്ച് രക്ഷകൻ ജനിക്കുന്ന ഇടവും സമയവും പ്രവചിക്കുന്നു. പക്ഷേ, അവനെ മനസ്സിലാക്കുവാനോ കണ്ടെത്തുവാനോ അവർ തുനിയുന്നില്ല. മിക്കാ 5:2 അവർ ഉദ്ധരിക്കുന്നുണ്ടെങ്കിലും ഇടയന്മാരെപ്പോലെയോ, ജ്ഞാനികളെപ്പോലെയോ അവനെത്തേടിപ്പോകാത്തത് ദൈവവചനത്തോടും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനോടും അവർക്കുള്ള താത്പര്യമില്ലായ്മ വെളിവാക്കുന്നു.

**മുമ്പേ നീങ്ങുന്ന നക്ഷത്രം:** ഇടവേളകളിൽ ജ്ഞാനികളെ നയിച്ച നക്ഷത്രം ഒരു അത്ഭുതപ്രതിഭാസമാണ്. മണലാരണ്യത്തിലൂടെയുള്ള ഇസ്രായേലിന്റെ യാത്രയിൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നിതൂണായും പ്രവൃത്തിച്ച ദൈവീകസാന്നിദ്ധ്യം തന്നെയാണ് ഇവിടെയും നാം ദർശിക്കുന്നത്. ശിശു കിടക്കുന്നതിന്റെ മുകളിൽ പ്രകാശിച്ചുനില്ക്കുന്ന വെളിച്ചം, പഴയനിയമത്തിലെ കൂടാരത്തിനുമുകളിൽ പ്രകാശിക്കുന്ന ദൈവീകമഹത്വം (ഷക്കീന) തന്നെയാണ്.

**"ഭവനത്തിൽ...ശിശുവിനെ അമ്മയോടുകൂടി" കാണുന്നു:** ഇവിടെ പ്രാമുഖ്യം ശിശുവിനാണ്. ശിശുക്കൾക്ക് നിയമപരമായി വ്യക്തിത്വമോ പ്രാധാന്യമോ നല്കാത്ത കാലഘട്ടത്തിൽ 'ശിശു' ആദ്യം പരാമർശിക്കപ്പെടുന്നു. രണ്ടാമതായി യൗസേപ്പിന്റെ അസാന്നിദ്ധ്യം ശ്രദ്ധേയമാണ്. സുവിശേഷത്തിന്റെ ശ്രദ്ധ കന്യക ജനനത്തിനാണ്. ഒരുപക്ഷേ, യൗസേപ്പിന്റെ സാന്നിദ്ധ്യം ജ്ഞാനികൾക്ക് തെറ്റിദ്ധാരണയ്ക്കു കാരണമായേക്കാം. അതായത് യൗസേപ്പാണ് യഥാർത്ഥ പിതാവ് എന്ന തോന്നൽ അവർക്കുണ്ടായേക്കാം.

## സന്ദേശം

**അന്വേഷിക്കുന്നവർ കണ്ടെത്തുന്നു:** ദൈവത്തെ അന്വേഷിക്കുന്നവരുടെ അത്യുത്തമ മാതൃകയാണ് പൗരസ്ത്യജ്ഞാനികൾ. ശ്രമകരമായ

അവരുടെ അന്വേഷണത്തിനൊടുവിൽ അവർ ക്രിസ്തുവിനെ കണ്ടെത്തുന്നു. അവനെ കണ്ടെത്തുമ്പോഴുള്ള അവരുടെ പ്രതികരണം "ആരാധന'(worship)യാണ്. ശ്രേഷ്ഠരായവർ നിസ്സഹായനായ പൈതലിനെ ആരാധിക്കുക എന്നത് തീർത്തും വിരോധാഭാസമാണ്!

ക്രിസ്തുവിനോടും അവന്റെ സന്ദേശത്തോടുമുള്ള മൂന്ന് തരത്തിലുള്ള പ്രതികരണം ഈ വചനഭാഗം നമ്മുടെ വിചിന്തനത്തിനായി വയ്ക്കുന്നു. ഒന്നാമതായി, ഹേറോദേസ് യേശുവിനോട് തുറന്ന ശത്രുതയും വെറുപ്പും പ്രകടമാക്കുന്നു. രണ്ടാമത്തേത് പ്രധാന പുരോഹിതരുടെയും വേദജ്ഞരുടെയും ക്രിസ്തുവിനോടുള്ള നിസ്സംഗതയാണ്. അവസാനമായി, പൗരസ്ത്യജ്ഞാനികൾ ഏറെ ക്ലേശങ്ങൾ സഹിച്ച് അവനരികിലെത്തുകയും അവനെ ആരാധിക്കുകയും ചെയ്യുന്നു.

ഇന്നോളം ക്രിസ്തുവിനോടും അവന്റെ മൂല്യങ്ങളോടും ലോകം പ്രതികരിച്ചതും പ്രതികരിക്കുന്നതും ഈ ഏതെങ്കിലും മൂന്ന് രീതികളിൽ തന്നെയാണ്. ചിലർക്ക് ശത്രുതയും വെറുപ്പും, ചിലർ കുറ്റകരമായ നിസ്സംഗത പുലർത്തുന്നു. അനേകരാകട്ടെ ക്ലേശങ്ങൾ ഏറ്റെടുത്തും അവനിൽ അണയുകയും കണ്ടെത്തുകയും ചെയ്യുന്നു. ഇവരാണ് നമ്മുടെ കാലഘട്ടത്തിൽ അവനിലെത്താനുള്ള യഥാർത്ഥ നക്ഷത്രങ്ങൾ. ഈ വചനഭാഗം ഇത്തരത്തിലുള്ള ഒരു ചോദ്യം ഉണർത്തുന്നു. ക്രിസ്തുവിനോടുള്ള നിന്റെ പ്രതികരണമെന്താണ്?

**നമ്മെ നയിക്കുന്ന നക്ഷത്രങ്ങൾ :** ലോകം അന്വേഷിക്കുന്നത് നക്ഷത്രങ്ങളെ (stars) യാണ്. പ്രശസ്തിയിലുള്ള സിനിമ, കായികതാരങ്ങൾ ഒരുപക്ഷേ, ആത്മീയഗുരുക്കന്മാർപോലും ഇന്ന് താരങ്ങളാണ്. അവരെ പിന്തുടരാനും അനുകരിക്കാനുമാണ് ലോകത്തിന്റെ ശ്രദ്ധയും ശ്രമവും. അവരാണ് യാഥാർത്ഥ്യം അല്ലെങ്കിൽ ആത്യന്തികമായ സന്തോഷം നല്കുന്നവരെന്ന് ഒരുവേള നാം ചിന്തിച്ചുപോകുന്നു. ഒരുപക്ഷേ, ഇത്തരം താരങ്ങൾ നമ്മെ നയിക്കുക ഹേറോദേസിന്റെ കൊട്ടാരം വരെ മാത്രമാണ്. യഥാർത്ഥ രക്ഷകൻ അല്ലെങ്കിൽ ജീവിതാഭിലാഷം അവിടെയല്ല മറിച്ച് ക്രിസ്തുവിലാണെന്ന് ഈ ജ്ഞാനികൾ നമ്മെ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ കാലിത്തൊഴുത്തുപോലുള്ള ദരിദ്രസാഹചര്യങ്ങളിൽ, നിസ്സഹായനും, മുടിയനുമായ ഒരുവനിൽ സർവ്വശക്തനും

നിത്യനുമായവനെ കണ്ടെത്തുക എളുപ്പമല്ല. അതിന് അഗാധമായ ദൈവീകജ്ഞാനം ആവശ്യമാണ്.

രക്ഷകന്റെ സാന്നിദ്ധ്യമറിയിക്കുന്ന അനേകം അടയാളങ്ങൾ നമ്മുടെ ചുറ്റുപാടുമുണ്ട്. ഒരുപക്ഷേ, ജീവിതത്തിരക്കിനിടയിൽ എത്രയോ ഇത്തരം അടയാളങ്ങളുടെ ശോഭയെയാണ് നാം മനസ്സിലാക്കാതെ പോയത്. നല്ല സൗഹൃദങ്ങൾ, ആത്മീയസാന്നിദ്ധ്യങ്ങൾ, പ്രാർത്ഥനാ കൂട്ടായ്മകൾ, കൗദാശിക ജീവിതം ഇവയെല്ലാം ഈ നക്ഷത്രങ്ങൾ തന്നെ.

**വരുന്ന വഴിയെ മടങ്ങരുത്:** രക്ഷകനെ കണ്ടെത്തിയ ജ്ഞാനികൾക്കു ലഭിക്കുന്ന ദൈവീക മുന്നറിയിപ്പാണിത്. ക്രിസ്തുസാന്നിദ്ധ്യം ഭയപ്പെടുന്നത് തിന്മയുടെ സങ്കേതങ്ങളാണ്. അത്തരത്തിൽ ഹേറോദേസ് തിന്മയുടെ പ്രതീകമായി മാറുന്നു. ഹേറോദേസിനെ ഒഴിവാക്കാനായി, അല്ലെങ്കിൽ തിന്മയുടെ പങ്കാളികളാകുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് അവർ മറ്റൊരു വഴി തിരഞ്ഞെടുക്കുന്നത്.

രക്ഷകനെ കണ്ടവരാരും താൻ വന്നതും നടന്നതുമായ തിന്മയുടെ വഴികളിലേക്ക് തിരികെ പോകരുത്. അനേകം വിശുദ്ധരുടെ ജീവിതങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഈ വലിയ സത്യമാണ്. നോമ്പും പരിത്യാഗവുമായി ഉണ്ണിയേശുവിനെ വരവേല്ക്കുന്ന നമ്മൾ തിന്മയുടെ വഴികളെ, ശീലങ്ങളെ, വാക്കുകളെ, ബന്ധങ്ങളെ ഉപേക്ഷിക്കുവാൻ സന്നദ്ധരാകണം എന്ന വലിയ ഓർമ്മപ്പെടുത്തൽ ഇവിടെയുണ്ട്. ഒരുപക്ഷേ, സുവിശേഷം മുഴുവൻ ഇത്തരം സാക്ഷ്യങ്ങളുടെ വിവരണമാണുള്ളത്-ക്രിസ്തുവിലേക്ക് വരുന്നവരുടെയും അവനിൽനിന്ന് അകന്നുപോകന്നവരുടെയും കഥകൾ. എന്നിട്ടും അവൻ പറയുന്നു ഞാൻ വന്നിരിക്കുന്നത് നഷ്ടപ്പെട്ടതിനെ അന്വേഷിച്ചാണെന്ന്! ചുരുക്കത്തിൽ ദൈവത്തെ അന്വേഷിക്കുന്നവരുടെ എണ്ണപ്പെട്ട കഥകളെക്കാൾ സുവിശേഷത്തിന്റെ സന്തോഷം തനിക്ക് നഷ്ടപ്പെട്ടവരെ തേടിയെത്തുന്ന ദൈവത്തെ വെളിപ്പെടുത്താനാണ്. ക്രിസ്തുമസ് അതിനാൽ പാപിയെത്തേടിയെത്തുന്ന ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ ആഘോഷമാണ്. ■

# പ്രായത്തിലും ജ്ഞാനത്തിലും വളർന്ന ഒരു മനുഷ്യൻ

**കേ**രള സർക്കാർ ഭാഗ്യക്കുറിയുടെ സുവർണ്ണ ജൂബിലി ഒരു ബമ്പർ നറുക്കെടുപ്പിലൂടെ ലോട്ടറി വകുപ്പ് ഈ ഓണത്തിന് ആഘോഷിച്ചു. 1967-ൽ അന്നത്തെ ധനമന്ത്രി പി.കെ കുഞ്ഞ് ആരംഭിച്ച പ്രസ്ഥാനമാണ് ഇന്ന് കേരളത്തിൽ പടർന്നു പന്തലിച്ച ഈ മഹാമേരു. ഇരുപത്തയ്യായിരം രൂപ അഥവാ ഒരു അംബാസിഡർ കാർ ആയിരുന്നു ആദ്യത്തെ ഒന്നാം സമ്മാനം. ഇന്ന് അത് 10 കോടി രൂപയായി വർദ്ധിച്ചു. തിരുവനന്തപുരം വി.ജെ.ടി ഹാൾ രാവിലെ പത്തായപ്പോഴേയ്ക്കും നിറഞ്ഞു കവിഞ്ഞിരുന്നു. ലോട്ടറി ഏജന്റുമാരാണ് ഭൂരിഭാഗവും. മന്ത്രി കടകംപിള്ളി സുരേന്ദ്രന്റെ കാർമ്മികത്വത്തിൽ നറുക്കെടുപ്പ് നടന്നു. തിരുവനന്തപുരത്തെ ടിക്കറ്റിന് നറുക്ക് വീഴണമേ എന്ന് കാണികൾ പ്രാർത്ഥിച്ചു. കാരണം, ഏജന്റിന് ഒരു കോടി രൂപയാണ് ലഭിക്കുക.

ഓരോ ഡിജിറ്റിനുമുള്ള അക്കങ്ങൾ തിരിഞ്ഞു മറഞ്ഞു. അവസാനം ഒരു ഭാഗ്യനമ്പർ ഡിസ്പ്ലേ ബോർഡിൽ തെളിഞ്ഞു. പിന്നാലെ ലോട്ടറി ഉദ്യോഗസ്ഥന്റെ അറിയിപ്പ് - മലപ്പുറം ജില്ലയിൽ വിറ്റ ടിക്കറ്റിനാണ് ബമ്പർ ! കൂടിയിരുന്നവരുടെ മുഖം ലൂക്കാ 24:17 പോലെ "അവർ മ്ലാനവദനരായി". എന്നാൽ വലിയ ഏജൻസികൾ അവരുടെ മലപ്പുറം ഏജന്റുമാരെ വിവരമറിയിച്ചു. അവർ തിരിച്ചു വിളിച്ചു പരപ്പനങ്ങാടിയിലാണ് ഭാഗ്യടിക്കറ്റ്. പരപ്പനങ്ങാടിയിലെ ഏജന്റുമാർ വിജയിയെ തേടി പരക്കം പാഞ്ഞു. ന്യൂസ് ചാനലിൽ ഇത് അറിഞ്ഞ മുസ്തഫ എന്ന മദ്ധ്യവയസ്കൻ തന്റെ അലമാരയിൽ സൂക്ഷിച്ച ടിക്കറ്റെടുത്ത് നോക്കിയപ്പോൾ തന്നെയാണ് ഭാഗ്യദേവത കടാക്ഷിച്ചതെന്ന് മനസ്സിലാക്കി. അത് അദ്ദേഹം ഹൃദയത്തിൽ സംഗ്രഹിച്ചു. ആരോടും ഈ വിവരം അറിയിച്ചില്ല. അമിതാഹ്ലാദം പ്രദർശിപ്പിച്ചുമില്ല. ടിക്കറ്റ് വിറ്റ ഏജന്റ് ഓർമ്മയിൽ കടന്നുവന്ന ഓരോരുത്തരേയും തേടി നടന്നു. അങ്ങനെ മുസ്തഫയുടെയടുത്തുമെത്തി അയാൾ. ഒരു ഭാവപകർച്ചയുമില്ലാതെ മുസ്തഫ പറഞ്ഞു: "ടിവിയിൽ നമ്പർ കണ്ടപ്പോൾ ഞാൻ ടിക്കറ്റ് നോക്കിയതാണ്,

അതെനിയ്ക്കല്ല". ഏജന്റ് അടുത്തയാളെ അന്വേഷിച്ച് തിടുക്കത്തിൽ ഇറങ്ങി.

ആ പകൽ സാധാരണ ദിവസം പോലെ മുസ്തഫ തള്ളി നീക്കി. രാത്രി കിടക്കയിൽ തന്റെ ഭാര്യയോട് അയാൾ പറഞ്ഞു : "പിന്നെ, ഒരു കാര്യം പറയാനുണ്ട്. നമുക്ക് ഒരു ചെറിയ ഭാഗ്യം അടിച്ചു". "എന്ത് ഭാഗ്യം?" "ഒരു ലോട്ടറി അടിച്ചു." "എത്ര രൂപയ്ക്കുള്ളതാണ്?" "പത്ത് കോടി രൂപാ" "എന്റെ റബ്ബേ". "നീ അതൊന്നും ആലോചിച്ച് കിടക്കണ്ട. ഉറങ്ങാൻ നോക്ക്". മുസ്തഫയെ നിദ്രാദേവി തഴുകി. രാവിലെ മുറ്റത്തെ ആരവം കേട്ടാണ് മുസ്തഫ ഉറക്കമുണർന്നത്. ബന്ധുമിത്രാദികളെ കൊണ്ട് പുരയിടമാകെ നിറഞ്ഞിരിക്കുന്നു. "ഇക്കാ ദേ ചാനലുകാർ വന്നിരിക്കുന്നു. അവർക്ക് ഇക്കയെ കാണണമെന്ന്." "മുസ്തഫാ ഇക്കാ, ഈ തുക കൊണ്ട് എന്ത് ചെയ്യാനാ നിങ്ങൾ ഉദ്ദേശിക്കുന്നത്?" ചാനലുകാർക്ക് അറിയാൻ ഉദ്വേഗം. അതോ, ഞാൻ കൊപ്രക്കച്ചവടക്കാരനാണ്. ആ കച്ചവടം മെച്ചപ്പെടുത്തണം. "

പ്രായത്തോടൊപ്പം ജ്ഞാനത്തിലും വളർന്ന മുസ്തഫ രണ്ട് കാര്യങ്ങളാണ് നമ്മളോട് പറയാതെ പറയുന്നത്. ഒന്ന്, ജീവിതത്തിലെ വലിയ ഭാഗ്യങ്ങളെയും വലിയ ദുരന്തങ്ങളേയും നേരിടേണ്ടത് സമചിത്തതയോടെയാണ്. ഈ അവസരത്തിൽ, ബ്രിട്ടീഷ് രാജ്ഞി ഒരു നൂറ്റാണ്ട് മുൻപ് നടത്തിയ ഒരു നറുക്കെടുപ്പ് കഥ ഓർക്കുന്നത് നല്ലതാണ്. ഒരു ലക്ഷം രൂപയായിരുന്നു സമ്മാനതുക. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ എല്ലാ രാജ്യങ്ങളിലും ടിക്കറ്റ് വിറ്റിട്ടുണ്ട്. കൗണ്ടർഫോയിലിലെ വിലാസം വഴിയാണ് വിജയിയെ കണ്ടെത്തിയത്. കേരളത്തിൽ ആലപ്പുഴ ജില്ലയിലെ കൈനകരിയിൽ ഒരു തങ്കപ്പനാണ് ഭാഗ്യവാൻ. ഈ സമ്മാനതുക വിജയിക്കു തന്നെ കിട്ടണമെന്ന് രാജ്ഞിക്ക് നിർബന്ധമുണ്ടായിരുന്നു. ഈ വാർത്ത കേൾക്കുമ്പോൾ തങ്കപ്പന് ഹൃദയാഘാതം ഉണ്ടാകാം, അതുകൊണ്ട് അയാളെ മാനസികമായി ഒരുക്കാനായി ഒരു മന:ശാസ്ത്രജ്ഞനേയും കൂട്ടിയാണ് ഫിനാൻസ് ഓഫീസർ കൈനകരിയിലേയ്ക്ക് ചെന്നത്. ഒരു ചായക്കടയിൽ തങ്കപ്പൻ ഇരിക്കുന്നുണ്ടായിരുന്നു. മന:ശാസ്ത്രജ്ഞൻ തങ്കപ്പനോട് ചോദിച്ചു: "ചേട്ടന് ഒരു പത്ത് രൂപാ കിട്ടിയാൽ എന്ത് ചെയ്യും.?" "ഞാൻ ഒരു ചാക്ക് അരി വാങ്ങും." "നൂറു രൂപ കിട്ടിയാലോ?" "ഞാൻ എന്റെ പുര തേച്ച് പെയിന്റടിക്കും." "ആയിരം രൂപ കിട്ടിയാലോ?" "ഞാൻ പുരയോട് ചേർന്ന് ഒരേക്കർ തെങ്ങിൻ പറമ്പ് വാങ്ങും." "പതിനായിരം രൂപ കിട്ടിയാലോ?"

"ഞാൻ മൂന്നാറിൽ ഒരു തോട്ടം വാങ്ങും." മന:ശാസ്ത്രജ്ഞന് മനസ്സി ലായി തങ്കപ്പൻ മാനസികമായി ഒരുങ്ങിക്കഴിഞ്ഞു. ഇനിയാണ് ബ്രേ ക്കിംഗ് ചോദ്യം." തങ്കപ്പൻ ചേട്ടന് ഒരു ലക്ഷം രൂപ കിട്ടിയാലോ?" "ഇയാള് കുറേ നേരമായല്ലോ ഇതു ചോദിക്കാൻ തുടങ്ങിയിട്ട്, ഒരു ലക്ഷം രൂപ കിട്ടിയാൽ പകുതി തനിക്കു തരും." മന:ശാസ്ത്രജ്ഞൻ ബോധം കെട്ട് വീണു!

താൻ ചെയ്യുന്ന പ്രവൃത്തി കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ചെയ്യാനാണ് മുസ്തഫ തീരുമാനിച്ചത്. ജീവിതവിജയം എന്നാൽ എല്ലാം പൊളിച്ചു പണിത് പുതിയ പദ്ധതികൾ ആവിഷ്കരിക്കലല്ല. ബമ്പറുകൾ അടിച്ച പലരുടേയും പിൽക്കാല ജീവിതം പരാജയത്തിന്റെ കരിമഷിക്കോലങ്ങളാണ്. കുടുംബയൂണിറ്റുകൾ നയിക്കുന്നവർക്ക് വേണ്ടതും ഈ ജ്ഞാനം തന്നെയാണ്. പുതിയ സ്ഥാനലബ്ധിയിൽ മതിമറക്കുകയോ ഇതുവരെയുള്ള എല്ലാ സംവിധാനങ്ങളും പൊളി ച്ചെഴുതി പുതിയ പദ്ധതികൾ മാത്രം ആവിഷ്കരിക്കലോ അല്ല കര ണീയം. ക്രിസ്തുവിന്റെ നിയമവും സഭയുടെ നടപടികളും അനുസരിച്ച് കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ നമുക്ക് ഓർക്കാം.

■

# അമ്മയും മകനും

ഒരിടത്തൊരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. അമ്മ ജീവിച്ചത് എല്ലാ കഥകളിലേയും അമ്മമാരെപ്പോലെ മകനുവേണ്ടി മാത്രമായിരുന്നു. മുതിർന്നപ്പോൾ അവനൊരു പ്രണയമുണ്ടായി. ആ അടുപ്പത്തിന്റെ തീവ്രത പരിശോധിക്കാൻ അവന്റെ പെണ്ണ് ആവശ്യപ്പെട്ടത് അമ്മയുടെ ഹൃദയമാണ്. അവനതു ചെയ്യുക തന്നെ ചെയ്തു. പിന്നെ ഭ്രാന്തു പിടിച്ചു അവളുടെ അടുക്കലേക്കോടിപോകുമ്പോൾ കല്ലിൽ തട്ടി നിലത്തു വീണു. അമ്മയുടെ ഹൃദയം തെല്ലു ദൂരെ തെറിച്ചുവീണു. അതെടുക്കാനാഞ്ഞപ്പോൾ ഹൃദയം തേങ്ങി: നിന്റെ മുട്ടിനു വല്ലതും പറ്റിയോ കുഞ്ഞേ?

"എന്റെ അധരം വ്യാജം
പറയുകയില്ല. എന്റെ നാവ്
വഞ്ചന ഉച്ചരിക്കുകയില്ല. നിങ്ങൾ
പറയുന്നത് ശരിയാണെന്നു
ഞാൻ ഒരിക്കലും പറയുകയില്ല.
മരിക്കുവോളം ഞാൻ നിഷ്കളങ്കത
കൈവെടിയുകയില്ല. നീതിനിഷ്ഠയെ
ഞാൻ മുറുകെപ്പിടിക്കും.
അതു കൈവിട്ടുപോകാൻ
സമ്മതിക്കുകയില്ല. എന്റെ ഹൃദയം
ഒരു ദിവസത്തെപ്രതിപോലും
എന്നെ കുറ്റപ്പെടുത്തുന്നില്ല."
(ജോബ് 26, 4-6)